REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 11-10-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ ഇന്ന് ധൻ ധാന്യ കൃഷി യോജനയും, മിഷൻ ഫോർ ആത്മനിർഭരത ഇൻ പൾസസ് പദ്ധതിയും ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് പൾസ് പോളിയോ പ്രതിരോധയജ്ഞം നാളെ.**
- **കൊച്ചി വാട്ടർ മെട്രോയുടെ മട്ടാഞ്ചേരി, വില്ലിംങ്ടൺ ഐലന്റ് ടെർമിനലുകൾ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **കോഴിക്കോട് പേരാമ്പ്രയിൽ ഷാഫി പറമ്പിലടക്കം കോൺഗ്രസ് നേതാക്കൾക്ക് നേരെയുണ്ടായ പൊലീസ് നടപടിയിൽ വ്യാപക പ്രതിഷേധം.**
- **ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ന്യൂസിലാന്റിന് വിജയം.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ ഇന്ന് 42,000 കോടി രൂപയുടെ കാർഷിക പദ്ധതികൾക്കും അനുബന്ധ പദ്ധതികൾക്കും തുടക്കമിടും. പൂസയിലെ ഇന്ത്യൻ കാർഷിക ഗവേഷണ കേന്ദ്രത്തിൽ രാവിലെയാണ് ചടങ്ങ്. 'PM-ധൻ ധാന്യ കൃഷി യോജന' , പയർവർഗ്ഗങ്ങളുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്ന 'മിഷൻ ഫോർ ആത്മനിർഭരത ഇൻ പൾസസ് ' എന്നീ സുപ്രധാന പദ്ധതികൾക്കാണ് പ്രധാനമന്ത്രി തുടക്കം കുറിക്കുന്നത്. ചടങ്ങിൽ കർഷകരുമായി പ്രധാനമന്ത്രി സംവദിക്കുകയും ചെയ്യും.

PM-ധൻ ധാന്യ കൃഷി യോജനക്ക് 24,000 കോടി രൂപയും പയറുവർഗ്ഗ സ്വയം പര്യാപ്തത മിഷന് 11,000 കോടി രൂപയുമാണ് വിഹിതം അനുവദിച്ചിരിക്കുന്നത്.

ധൻ ധാന്യ പദ്ധതിയിൽ കാർഷികോത്പാദനം കുറഞ്ഞ 100 ജില്ലകളെ കണ്ടെത്തി വിള വൈവിദ്ധ്യ വത്കരണത്തിലൂടെയും, സുസ്ഥിര കാർഷിക രീതികളിലൂടെയും ഉത്പാദനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്........

മിഷൻ ഫോർ ആത്മനിർഭരത ഇൻ പൾസസിൽ, കൃഷി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാനും പയറുവർഗ്ഗങ്ങളുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനുമാണ് രാജ്യം ലക്ഷ്യമിടുന്നത്. പയർവർഗ്ഗങ്ങളുടെ സംഭരണം, ശേഖരണം, സംസ്കരണം എന്നിവ ശക്തിപ്പെടുത്തും. കാർഷികോത്പാദക സംഘങ്ങളിലെ പയർകൃഷിക്കാരുമായി പ്രധാനമന്ത്രി ചർച്ച നടത്തുകയും ചെയ്യും. കാർഷിക - മൃഗ സംരക്ഷണ - മത്സ്യ - ഭക്ഷ്യ സംസ്കരണ മേഖലകളിലെ 5,450 കോടി രൂപയുടെ പദ്ധതികളും പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിക്കും. 815 കോടിയിൽ പരം രൂപയുടെ പദ്ധതികൾക്ക് നരേന്ദ്രമോദി തറക്കല്ലിടുകയും ചെയ്യും.

പ്രധാനമന്ത്രി ധൻ -ധാന്യ കൃഷി യോജനക്ക് ഇന്ന് സംസ്ഥാനത്തും തുടക്കമാകും. പാലക്കാട് ജില്ലയിലെ ആലത്തൂർ  വിത്തുല്പാദന കേന്ദ്രത്തിൽ മന്ത്രി P.പ്രസാദ് പദ്ധതി ഉദ്ഘാടനം ചെയ്യും. കേരളത്തിൽ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് പ്രാരംഭഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്നത്.

✪✪✪

ഈ ഉത്സവ സീസണിൽ വിമാന ടിക്കറ്റ് നിരക്കുകൾ ന്യായമായി നിലനിർത്തണമെന്ന് സിവിൽ വ്യോമയാന മന്ത്രി K റാംമോഹൻ നായിഡു വിമാനക്കമ്പനികളോട് ആവശ്യപ്പെട്ടു. യാത്രക്കാരുടെ സൗകര്യങ്ങൾക്കാണ് മുൻഗണനയെന്ന്  വിമാനക്കമ്പനികൾ മന്ത്രിക്ക്  ഉറപ്പുനൽകി. ഉത്സവകാല ആവശ്യം നിറവേറ്റുന്നതിനായി തിരക്കേറിയ റൂട്ടുകളിൽ കൂടുതൽ വിമാന സർവീസുകളുണ്ടെന്നും കമ്പനികൾ അറിയിച്ചു.

✪✪✪

ആരോഗ്യ മന്ത്രാലയത്തിന്റെ മാനസികാരോഗ്യ അംബാസിഡറായി പ്രശസ്ത നടി ദീപിക പദുക്കോണിനെ നിയമിച്ചു. ജനങ്ങൾക്കിടയിൽ മാനസികാരോഗ്യ അവബോധം വളർത്താനും ചികിത്സയെ പറ്റി നില നിൽക്കുന്ന മിഥ്യാധാരണകൾ ഒഴിവാക്കാനും നടപടി സഹായിക്കുമെന്ന് മന്ത്രാലയത്തിന്റെ സാമൂഹ്യമാധ്യമക്കുറിപ്പിൽ പറയുന്നു.

✪✪✪

സംസ്ഥാനത്ത് പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ട് പൾസ് പോളിയോ പ്രതിരോധയജ്ഞം നാളെ നടത്തും. അഞ്ചു വയസ്സിൽ കുറഞ്ഞ 21 ലക്ഷത്തിലധികം കുഞ്ഞുങ്ങൾക്ക് പ്രത്യേകം സജ്ജീകരിച്ച ബൂത്തുകൾ വഴി പോളിയോ തുള്ളിമരുന്ന് നൽകും. 22,383 ബൂത്തുകളാണ് ഇതിനായി സജ്ജമാക്കും. സ്കൂളുകൾ, അങ്കണവാടികൾ, വായനശാലകൾ, ഗവൺമെന്റ് ആരോഗ്യ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലെ ബൂത്തുകൾ രാവിലെ 8 മുതൽ വൈകിട്ട് 5 വരെയും, ട്രാൻസിറ്റ് ബൂത്തുകൾ വൈകിട്ട് 8 വരെയും പ്രവർത്തിക്കും.

✪✪✪

കൊച്ചി വാട്ടർ മെട്രോയുടെ മട്ടാഞ്ചേരി, വില്ലിംങ്ഡൺ ഐലന്റ് ടെർമിനലുകൾ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മട്ടാഞ്ചേരി ടെർമിനലിലെ ചടങ്ങിൽ മന്ത്രി P.രാജീവ് അധ്യക്ഷനാകും. 38 കോടി രൂപ ചെലവിലാണ് രണ്ടു ടെർമിനലുകളും നിർമ്മിച്ചത്.

✪✪✪

സൈബർ സുരക്ഷാരംഗത്തെ രാജ്യത്തെ ഏറ്റവും വലിയ കോൺഫറൻസായ 'കൊക്കൂൺ 2025' ഇന്ന് സമാപിക്കും. കൊച്ചിയിൽ ഇന്നലെ ആരംഭിച്ച കോൺഫറൻസിന്റെ സമാപന സമ്മേളനം വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

കോഴിക്കോട് പേരാമ്പ്രയിൽ ഷാഫി പറമ്പിലടക്കം കോൺഗ്രസ് നേതാക്കൾക്ക് നേരെയുണ്ടായ പൊലീസ് നടപടിയിൽ വ്യാപക പ്രതിഷേധം. കോൺഗ്രസ് നേതാക്കൾ സംഭവത്തെ അപലപിച്ചു. ഷാഫി പറമ്പിലിനെതിരെ ഉണ്ടായത് കൊടിയ ആക്രമണമാണെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ അറിയിച്ചു. സംഭവത്തിൽ പ്രതിഷേധം അറിയിച്ച വേണുഗോപാൽ ഗവൺമെന്റ് സംവിധാനങ്ങൾ ആക്രമണത്തിന് കുട പിടിക്കുകയാണെന്ന് ആരോപിച്ചു.

KPCC പ്രസിഡന്റ് സണ്ണി ജോസഫും സംഭവത്തിൽ പ്രതിഷേധം അറിയിച്ചു. കരുതിക്കൂട്ടിയാണ് ഷാഫിക്ക് നേരെ അക്രമമുണ്ടായത്. നടപടിയ്ക്കെതിരെ ഇന്ന് കോൺഗ്രസ് സംസ്ഥാന വ്യാപകമായി ബ്ലോക്ക് തലത്തിൽ പ്രതിഷേധം പ്രകടനം നടത്തുമെന്ന് അദ്ദേഹം പറഞ്ഞു. വൈകീട്ട് പേരാമ്പ്രയിൽ പ്രതിഷേധ സംഗമവും സംഘടിപ്പിക്കും.

സംഭവത്തെ മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയും അപലപിച്ചു. മർദ്ദനത്തിന് നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അടിയന്തര നടപടിയെടുക്കണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

ആക്രമണത്തിൽ പ്രതിപക്ഷ നേതാവ് VD സതീശനും ശക്തമായ പ്രതിഷേധം അറിയിച്ചു. ശബരിമലയിലെ സ്വർണ കൊള്ളയിൽ നിന്ന് ജനശ്രദ്ധ തിരിക്കാനാണ് ഷാഫി പറമ്പിലിനേയും നേതാക്കളേയും പ്രവർത്തകരേയും പൊലീസിനെ ഉപയോഗിച്ച് ആക്രമിപ്പിച്ചതെന്നും സതീശൻ കുറ്റപ്പെടുത്തി.

കോളജ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുണ്ടായ LDF-UDF സംഘർഷത്തിന്റെ തുടർച്ചയായാണ് പൊലീസ് ബലപ്രയോഗം നടത്തിയത്.

✪✪✪

ഷാഫി പറമ്പിലിന് നേരെയുണ്ടായ പൊലീസ് നടപടിയിൽ പ്രതിഷേധിച്ച്, ഇന്നും നാളെയും ഇരിങ്ങൽ സർഗാലയയിൽ നടത്താനിരുന്ന 'സിറ്റ് ടു വിൻ' നേതൃത്വ ക്യാമ്പ് മാറ്റിവെച്ചതായി DCC പ്രസിഡന്റ് K. പ്രവീൺകുമാർ അറിയിച്ചു.

✪✪✪

2031-ഓടെ കേരളം സമ്പൂർണ പോഷക ഭദ്രമാകുമെന്ന് മന്ത്രി GR അനിൽ അറിയിച്ചു. സ്വാതന്ത്ര്യം കിട്ടുന്ന കാലത്ത് പിന്നാക്കവും അതീവ ദരിദ്ര്യവുമായിരുന്ന കേരളം ഇപ്പോൾ രാജ്യത്തെ അതിദാരിദ്ര്യ മുക്തമായ സംസ്ഥാനമായി മാറാൻ പോവുകയാണെന്ന് അദ്ദേഹം തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'വിഷൻ 2031' പരിപാടിയിൽ പറഞ്ഞു. 'ഭക്ഷ്യ ഭദ്രതയിൽ നിന്ന് പോഷക ഭദ്രതയിലേക്ക്' എന്ന വീക്ഷണ നയരേഖ അവതരിപ്പിക്കുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാന വ്യാപകമായി ശുചിത്വ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ നടത്തിയ പരിശോധനയിൽ വ്യാപകമായ ചട്ടലംഘനങ്ങൾ കണ്ടെത്തി. "ഓപറേഷൻ ക്ലീൻ സ്വീപ്" എന്ന മിന്നൽ പരിശോധനയിൽ തിരുവനന്തപുരം ജില്ലയിൽ മാത്രം 359 ചട്ടലംഘനങ്ങളാണ് കണ്ടെത്തിയത്. 1137 കിലോയോളം നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും പിടിച്ചെടുത്തു. ജില്ലയിൽ 12 ലക്ഷത്തോളം രൂപ പിഴയായി ഈടാക്കി. സ്ക്വാഡുകളുടെ പ്രവർത്തനം തുടരുമെന്നും നിയമലംഘനങ്ങൾ കണ്ടെത്തിയാൽ കർശന നടപടിയെടുക്കുമെന്നും തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ജെറോമിക് ജോർജ്ജ് അറിയിച്ചു.

✪✪✪

കാസർകോട് ജില്ലയിലെ തട്ടുകടകളിൽ ആരോഗ്യ- ഭക്ഷ്യ സുരക്ഷാ വകുപ്പുകളും നഗരസഭയും ചേർന്ന് രാത്രികാല ശുചിത്വ പരിശോധന നടത്തി. ഏഴ് കടകൾക്ക് ശുചിത്വ നിലവാരമുയർത്താൻ നോട്ടീസ് നൽകി. പുകയില നിയന്ത്രണ നിയമം ലംഘിച്ച നാല് കടകളിൽ നിന്ന് പിഴയും ഈടാക്കി.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ന്യൂസിലാന്റ്, ബംഗ്ലാദേശിനെ 100 റൺസിന് തോൽപ്പിച്ചു. ഗോഹട്ടി, ബർസാപാട സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത ന്യൂസിലാന്റ് 227 റൺസെടുത്തു. തുടർന്ന് ബാറ്റ് ചെയ്ത ബംഗ്ലാദേശ് 39.5 ഓവറിൽ എല്ലാവരും പുറത്തായി.

ഇന്ന് കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ ശ്രീലങ്ക ഇംഗ്ലണ്ടിനെ നേരിടും. ഇന്ത്യൻ സമയം ഉച്ച കഴിഞ്ഞ് മൂന്നിനാണ് മത്സരം.

✪✪✪

ഇന്ത്യ- വെസ്റ്റിൻഡീസ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ രാവിലെ ഡൽഹിയിൽ ഇന്ത്യ ആദ്യ ഇന്നിംഗ്സ് പുനരാരംഭിക്കും. ഇന്നലെ ഇന്ത്യ രണ്ട് വിക്കറ്റിന് 318 റൺസെടുത്തിരുന്നു.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ പങ്കെടുക്കുന്ന കേരള ടീമിനെ പ്രഖ്യാപിച്ചു. മുഹമ്മദ് അസറുദ്ദീനാണ് ടീം ക്യാപ്റ്റൻ. സഞ്ജു സാംസനെയും ടീമിൽ ഉൾപ്പെടുത്തി. ബാബ അപരാജിത്താണ് വൈസ് ക്യാപ്റ്റൻ.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.......വോയ്സ്.....

ഈ മാസം 15-നാണ് രഞ്ജി ട്രോഫിയുടെ പുതിയ സീസണ് തുടക്കമാകുന്നത്. തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ആദ്യ മത്സരത്തിൽ മഹാരാഷ്ട്രയാണ് കേരളത്തിന്റെ എതിരാളികൾ.

സച്ചിൻ ബേബിക്ക് പകരം മുഹമ്മദ് അസറുദ്ദീനെ ക്യാപ്റ്റനാക്കിയതാണ് ഈ വർഷത്തെ ടീമിലെ പ്രധാന മാറ്റം. തമിഴ്നാടിന്റ ബാറ്റർ ബാബ അപരാജിത്തും മധ്യപ്രദേശിന്റെ സ്പിന്നർ അങ്കിത് ശർമയുമാണ് കേരള ടീമിലെ അതിഥി താരങ്ങൾ.

✪✪✪

69-ാമത് ദേശീയ സ്കൂൾ ഫുട്ബോൾ ടൂർണമെന്റിലെ സീനിയർ വിഭാഗത്തിൽ കിരീടം നേടിയ കേരള ടീമിനെ മന്ത്രി V. ശിവൻകുട്ടി അഭിനന്ദിച്ചു. കേരള ടീമിന്റെ മടക്കയാത്രക്ക് ശ്രീനഗറിൽ നിന്ന് സൗജന്യ വിമാനയാത്രയും അദ്ദേഹം ഏർപ്പാടാക്കി. ഫൈനലിൽ മേഘാലയ സംസ്ഥാനത്തെ മറുപടിയില്ലാത്ത രണ്ട് ഗോളിനാണ് കേരളം തകർത്തത്.

✪✪✪

സംസ്ഥാന ടൂറിസം വകുപ്പിന്റെ മൂന്നാമത് ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങൾ ചാലിയാർ പുഴയിൽ നാളെ ഉച്ച കഴിഞ്ഞ് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ഫറോക്ക് പുതിയ പാലത്തിനും പഴയ പാലത്തിനും ഇടയിലാണ് ചുരുളൻ വള്ളങ്ങളെ ഉൾപ്പെടുത്തി ലീഗ് മത്സരങ്ങൾ നടത്തുന്നത്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ നിന്ന് 14 ചുരുളൻ വള്ളങ്ങൾ മത്സരത്തിൽ പങ്കെടുക്കും.

✪✪✪

ക്ഷീര കർഷകരുടെ ആശ്രിതർക്ക് മിൽമയിലെ നിയമനത്തിൽ സംവരണം ഏർപ്പെടുത്തുമെന്ന് മന്ത്രി J. ചിഞ്ചു റാണി പറഞ്ഞു. പാലക്കാട് ജില്ലാ ക്ഷീര കർഷക സംഗമത്തിന്റെ സമാപന പൊതുസമ്മേളനം ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കോഴിക്കോട് നഗരത്തിലെ തൊണ്ടയാടിന് സമീപം നേതാജി നഗറിൽ പണിയുന്ന എലിവേറ്റഡ് ഹൈവേയുടെ തുടർനടപടികൾക്ക് PWD ദേശീയ പാത വിഭാഗത്തെ മന്ത്രി PA മുഹമ്മദ് റിയാസ് ചുമതലപ്പെടുത്തി. കഴിഞ്ഞ ദിവസം ന്യൂഡൽഹിയിൽ മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രി മുഹമ്മദ് റിയാസും കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ മേൽപ്പാല നിർമ്മാണത്തിന് തുക അനുവദിച്ചിരുന്നു.

✪✪✪

വാഹനാപകടത്തിൽ മഹാധമനിക്ക് ഗുരുതര പരിക്കേറ്റ തമിഴ്നാട് സ്വദേശിയെ എൻഡോ വാസ്ക്കുലാർ ചികിത്സ വഴി രക്ഷിച്ച കോഴിക്കോട് മെഡിക്കൽ കോളേജിലെ സംഘത്തെ മന്ത്രി വീണ ജോർജ്ജ് അഭിനന്ദിച്ചു. തമിഴ്നാട് തിരുപ്പത്തൂർ സ്വദേശിയായ പ്രശാന്ത് എന്ന യുവാവാണ് കോഴിക്കോട് മെഡിക്കൽ കോളേജിലെ ചികിത്സയിലൂടെ ജീവിതം തിരിച്ചു പിടിച്ചത്.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

✪✪✪

സന്യാസി സമൂഹമായ മാർഗ ദർശക മണ്ഡലത്തിന്റെ ധർമ സന്ദേശ യാത്രക്ക് ഇന്നലെ കോഴിക്കോട്ട് സ്വീകരണം നൽകി. മുതലക്കുളത്തെ മഹാസംഗമത്തിൽ മണ്ഡലം സംസ്ഥാന അധ്യക്ഷൻ സ്വാമി ചിദാനന്ദപുരി ധർമ സന്ദേശം നൽകി. ഇന്ന് മലപ്പുറം ജില്ലയിൽ ധർമ സന്ദേശ യാത്ര പര്യടനം നടത്തും.

✪✪✪

*News Editor : ശ്രുതി എം*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: രജ്ന  കെ*
*DEO: സി കെ സുബോധ്*